"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കാരക്കുത്തങ്ങാടി വി. വി. എ. യു. പി സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ഹാലിയ കെ.പി. ഫയൽ ചെയ്ത WP (C) No. 35417/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 25/09/2025 തീയതിയിലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.3845/2026/GEDN** തീയതി, തിരുവനന്തപുരം, 08-06-2026

---

പരാമർശം:-

1. ശ്രീമതി. ഹാലിയ കെ.പി., എൽ. പി. എസ്. ടി, വി.വി.എ.യു.പി. സ്കൂൾ, കാരക്കുത്തങ്ങാടി സമർപ്പിച്ച 24/07/2025 തീയതി പുന:പരിശോധന ഹർജി (എക്സിബിറ്റ് പി13).
2. WP(C)No. 35417/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 25/09/2025 തീയതിയിലെ വിധിന്യായം.
3. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/11/2025 തീയതിയിലെ AEOPTB/1450/2025-C നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/11/2025 തീയതിയിലെ DGE/18333/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കാരക്കുത്തങ്ങാടി വി.വി.എ.യു.പി.എസ്-ലെ എൽ.പി.എസ്.ടി. ആയ ശ്രീമതി. ഹാലിയ കെ.പി.യുടെ 15/07/2016 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP (C) 35417/2025-ലെ പരാമർശം (2) വിധിന്യായം പ്രകാരം "This writ petition is disposed of directing the 1st respondent to consider and pass orders on Ext.P13 representation with due reference to Exts.P9 to P11 orders and after hearing the petitioner and other interested persons, at the earliest, at any rate within four months from the date of receipt of a copy of this judgment. Petitioner shall produce a copy of the writ petition along with a certified copy of this judgment before the 1st respondent for necessary compliance" എന്ന് ഉത്തരവായിരുന്നു.

ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ചിരുന്ന പരാമർശം (1) പുന:പരിശോധന ഹർജി പരിഗണിക്കുന്നതിനുള്ള ബഹു. കോടതിയുടെ നിർദ്ദേശപ്രകാരം, ഈ വിഷയത്തിന്മേൽ 25/11/2025

തീയതിയിൽ ഹർജിക്കാരി, സ്കൂൾ മാനേജർ, വിദ്യാഭ്യാസ അധികാരികൾ എന്നിവരുടെ പ്രതിനിധികളെ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

**2. ശ്രീമതി. ഹാലിയ കെ.പി.യുടെ വാദം ഇപ്രകാരമായിരുന്നു.**

"കാരക്കുത്തങ്ങാടി വി.വി.എ.യു.പി സ്കൂളിൽ 2016-17 അദ്ധ്യയന വർഷത്തേക്ക് 7.12.2017-ലെ പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഉത്തരവ് ദി.തീ.സി/5162/2017 പ്രകാരം അനുവദിച്ച തസ്തികകൾ ചുവടെപ്പറയുന്നവയാണ്.

ഹെഡ്മാസ്റ്റർ - 1
യു.പി.എസ്.ടി - 13
എൽ.പി.എസ്.ടി - 18
എച്ച്.ടി.വി തസ്തിക - 1
അറബിക് യു.പി - 2
അറബിക് എൽ.പി - 2
ജൂനിയർ ഹിന്ദി - 1
ജൂനിയർ സംസ്കൃതം (പാർട്ട് ടൈം) - 1
ജൂനിയർ ഉറുദു -1
പ്യൂൺ -1
(**ആകെ - 41)**

ഈ ഉത്തരവ് പ്രകാരം 2015-16-ൽ നിലനിന്നിരുന്നതിനെക്കാൾ 6 എൽ.പി.എസ്.ടി തസ്തികകളും യു.പി വിഭാഗത്തിൽ ജൂനിയർ അറബിക് അദ്ധ്യാപക തസ്തികയും കൂടുതലായി അനുവദിക്കുകയുണ്ടായി.

2016-17 അദ്ധ്യയന വർഷത്തിൽ തസ്തിക നിർണ്ണയം 22.11.2017-ലെ സ.ഉ (കൈ) നം.149/2017/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 2017 ഡിസംബറിൽ ആണ് ഉത്തരവായിട്ടുള്ളത്.

2016-17-ലെ 6 അധിക എൽ.പി.എസ്.ടി തസ്തികകളെ കൂടാതെ ശ്രീമതി.വി.കെ.ഗീത, ശ്രീമതി.സുഭാഷിണി എന്നീ എൽ.പി.എസ്.ടി മാർ റിട്ടയർ ചെയ്തതു മൂലം ഉണ്ടായ 2 എൽ.പി.എസ്.ടി തസ്തികകളും അടക്കം 8 വ്യവസ്ഥാപിത ഒഴിവുകൾ എൽ.പി.വിഭാഗത്തിൽ ലഭ്യമായിരുന്നു.

2016-17-ൽ വിദ്യാലയത്തിന് അർഹതപ്പെട്ട 6 അധിക എൽ.പി.എസ്.ടി തസ്തികകൾ അനുവദിക്കുമെന്ന പ്രതീക്ഷയിൽ ശ്രീമതി. ലിസി.എ.വി., ശ്രീമതി. ഹാലിയ കെ.പി., ശ്രീമതി. സക്കീന.ടി., ശ്രീമതി. സഹീന.കെ., ശ്രീമതി. സുചിത്ര.പി. എന്നിവരെ 01/06/2016 മുതലും ശ്രീമതി. രമ്യ.ടി.യെ 03/06/2016 മുതലും മാനേജർ നിയമിക്കുകയുണ്ടായി.

പ്രതീക്ഷിത ഒഴിവുകളിൽ നിയമിച്ചിരുന്ന 6 പേരിൽ ശ്രീമതി.ലിസി.എ.വി യെ ശ്രീമതി. ഗീതയുടെ റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി നിയമിക്കുകയും പ്രസ്തുത നിയമനം അംഗീകരിക്കുകയും ചെയ്തു. തന്മൂലം 2016-17-ൽ എൽ.പി വിഭാഗത്തിൽ അധിക തസ്തികകൾ അനുവദിക്കുക വഴി ഉണ്ടായിട്ടുള്ള 6 തസ്തികകളും ശ്രീമതി.സുഭാഷിണി റിട്ടയർ ചെയ്തതു മൂലമുള്ള ഒരു ഒഴിവും ഉൾപ്പെടെ 7 തസ്തികകൾ ലഭ്യമായിരുന്നു. എന്നെ നിയമിച്ചത് 1.6.2016-ൽ അധിക തസ്തികയിലെ പ്രതീക്ഷിത ഒഴിവിലായിരുന്നു.

അധിക തസ്തികകളിൽ ശ്രീമതി.ലിസി.എ.വി യെ റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റിയതിനു ശേഷം എന്റെയും ശ്രീമതി.സക്കീന, ശ്രീമതി.സഹീന, ശ്രീമതി.സുചിത്ര, ശ്രീമതി.രമ്യ എന്നിവർ ഉൾപ്പെടെ 5 പേരുടെയും നിയമന ഉത്തരവുകൾ പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

എന്റെ നിയമനം നിരസിച്ചിട്ടുള്ളത് 24.11.2016-ലെ പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കെ.ഡിസ്.സി/2690/2016 നമ്പർ ഉത്തരവു പ്രകാരമാണ്. ഈ ഉത്തരവിനെതിരെ മാനേജർ അപ്പീൽ നൽകിയിട്ടില്ലെന്നുള്ള വസ്തുത ഞാൻ അറിഞ്ഞിരുന്നില്ല. നിയമനാംഗീകാരമില്ലാതെ തുടർന്നിരുന്ന എന്നെ 1.6.2017 മുതൽ ശ്രീമതി. വി.കെ. ഗീത എൽ.പി.എസ്.ടി യെ 1.4.2016 മുതൽ ഉദ്യോഗക്കയറ്റം നൽകി പ്രധാനാദ്ധ്യാപികയായി നിയമിച്ച ഒഴിവിലേക്ക് മാറ്റി നിയമിച്ചു. ഈ നിയമനം 11.1.2018-ലെ പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ കെ.ഡിസ്.സി/2227/2017 നമ്പർ ഉത്തരവ് പ്രകാരം 31.3.2019-നുള്ളിൽ കെ-ടെറ്റ് പരീക്ഷ പാസ്സാകണമെന്ന നിബന്ധനയോടെ അംഗീകരിക്കുകയും ചെയ്തു.

ശ്രീമതി. സഹീന കെ., ശ്രീമതി. സുചിത്രപി. , ശ്രീമതി. രമ്യ എന്നിവരുടെ എൽ.പി.എസ്.ടി നിയമനം 15.7.2016 മുതൽ യഥാക്രമം 9.8.2024-ലെ പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ സി/26944/2022 നമ്പർ ഉത്തരവ്, 9.8.2024-ലെ സി/26948/2022 നമ്പർ ഉത്തരവ്, 9.8.2024-ലെ സി/26947/2022 നമ്പർ ഉത്തരവ് എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 18.4.2023-ലെ സ.ഉ (സാധാ) നം.2479/2023/പൊ.വി.വ സർക്കാർ ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് ഈ മൂന്ന് അദ്ധ്യാപികമാരുടെയും നിയമനങ്ങൾ അംഗീകരിച്ചിരിക്കുന്നത്. 01/06/2016 മുതൽ നിയമനം ലഭിച്ച് സർവ്വീസിൽ തുടരുന്നതും 01/06/2017-ന് റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി നിയമിച്ചതുമായ എനിക്കും 18.4.2023-ലെ സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹതയുണ്ട്. ഞാൻ കെ-ടെറ്റ് കാറ്റഗറി-1 പാസ്സായിട്ടുണ്ട്. 19/09/2017-ന് പ്രഖ്യാപിച്ച കെ-ടെറ്റ് യോഗ്യത പരീക്ഷയുടെ സർട്ടിഫിക്കറ്റ് കെ-ടെറ്റ് 41039 തീയതി 6.1.2018 ന്റെ പകർപ്പ് ഹാജരാക്കുന്നു.

എ.ഇ.ഒ യുടെ റിപ്പോർട്ട് പ്രകാരം 2016-17 വർഷം അനുവദിച്ച 18 എൽ.പി.എസ്.ടി ഡിവിഷനുകളിൽ എച്ച്.എം (എൽ.പി.എസ്.ടി) തസ്തിക കുറവ് ചെയ്താൽ ശേഷിക്കുന്ന 17 എൽ.പി.എസ്.ടി തസ്തികയിൽ 16 അദ്ധ്യാപകരാണ് അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം നിലനിൽക്കുന്നത്. ഇതിൽ 5 അദ്ധ്യാപകരെ അധിക തസ്തികയിൽ നിയമിച്ചിട്ടുണ്ട്. ഒരു അദ്ധ്യാപിക റഗുലർ തസ്തികയിൽ നിയമിക്കപ്പെട്ട് അംഗീകാരം നേടിയിട്ടുണ്ട്(ശ്രീമതി.ലിസി എ.വി). അംഗീകാരം നേടിയ 9 എൽ.പി.എസ്.ടി മാരെയും ഒരു പ്രൊട്ടക്റ്റഡ് എൽ.പി.എസ്.ടി

യെയും ഒഴിവാക്കിയാൽ 7 തസ്തികകൾ ബാക്കിയുണ്ട്. ഇതിൽ ഒരു റഗുലർ ഒഴിവിൽ ശ്രീമതി.ലിസി.എ.വി നിലനിൽക്കുന്നു. ശേഷിക്കുന്നത് 6 അധിക എൽ.പി.എസ്.ടി തസ്തികയാണ്. അതിനാൽ 2016-17-ൽ നിയമിച്ച ശ്രീമതി.സഹീന.കെ, സക്കീന.ടി, സുചിത്ര.പി, ഹാലിയ, രമ്യ.ടി (3.6.2016 മുതൽ) എന്നിവർക്ക് തസ്തിക ലഭ്യമാണ്.

മുകളിൽ വിവരിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ 1.6.2016 മുതൽ എൽ.പി.എസ്.ടി അധിക തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള എനിക്കും 15.7.2016 മുതൽ നിയമനാംഗീകാരം ലഭിക്കുന്നതിന് അർഹതയുണ്ട്. മാത്രമല്ല 1.6.2016-ന് നിയമനം ലഭിച്ചിട്ടുള്ള മറ്റു അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുക വഴി ഞാൻ സർവ്വീസിൽ ജൂനിയർ അദ്ധ്യാപികയായി തരംതാഴ്ത്തപ്പെടുകയും ചെയ്യുന്നു. കൂടാതെ സർവ്വീസിൽ ജൂനിയർ ആവുക വഴി എനിക്ക് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിരിക്കുന്നു.

06/02/2021-ലെ സ.ഉ.(പി) നം.4/2021/പൊ.വി.വ പ്രകാരം മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ശ്രീമതി. ഹാലിയയുടെ നിയമനം 15.7.2016 മുതൽ 31.5.2017 വരെ 6.2.2021-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് നോഷണലായി അംഗീകരിക്കുന്നതിന് പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**3. ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

കാരക്കുത്തങ്ങാടി വി.വി.എ.യു.പി.എസ്-ലെ മാനേജർ ശ്രീമതി.ഹാലിയ കെ.പി യെ എൽ.പി.എസ്.ടി ആയി 2016-17-ലെ പ്രതീക്ഷിത അധിക എൽ.പി.എസ്.ടി തസ്തികയിൽ 1.6.2016 മുതൽ നിയമിച്ചു. പ്രസ്തുത നിയമനാംഗീകാര അപേക്ഷ സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, കെ-ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ഈ കാര്യാലയത്തിൽ നിന്ന് നിരസിച്ചു നൽകി.

കൂടാതെ G.O (P)No.134/2016/GEDN dated 5.8.2016 പ്രകാരം 2015-16-ലെ തസ്തിക നിർണ്ണയ പ്രകാരമുള്ള തസ്തികകൾ തന്നെയാണ് 2016-17ലും തുടരുന്നത് ആയതിനാൽ ഈ നിയമനാർത്ഥിക്ക് നിലനിൽക്കാനുള്ള തസ്തിക ഇല്ല.

പിന്നീട് ശ്രീമതി. ഹാലിയയെ മാനേജർ വി.കെ.പി ഗീത എൽ.പി.എസ്.ടി 1.4.2016 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ എൽ.പി.എസ്.ടി ആയി 1.6.2017 മുതൽ നിയമിക്കുകയും ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി. ഹാലിയയുടെ സേവനപുസ്തകം പരിശോധിച്ചപ്പോൾ 12.8.2017-ന് ടിയാൾ കെ-ടെറ്റ് യോഗ്യത നേടിയതായി കാണുന്നുണ്ട്.

ശ്രീമതി.ഹാലിയ.കെ.പി യുടെ 2016-17-ലെ പ്രതീക്ഷിത അധിക എൽ.പി.എസ്.ടി തസ്തികയിലെ 1.6.2016 മുതൽക്കുള്ള നിയമനം സംബന്ധിച്ച നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

നിലവിൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 873/2025/GEDN തീയതി 31.1.2025 പ്രകാരം പ്രധാനാദ്ധ്യാപികയെ എൽ.പി വിഭാഗത്തിൽ നിലനിർത്തികൊണ്ട് കാരക്കുത്തങ്ങാടി വി.വി.എ.യു.പി സ്കൂളിലെ 2016-17 മുതൽ 2023-24 വരെ തസ്തിക നിർണ്ണയ ഉത്തരവ് പുന:ക്രമീകരിച്ച നൽകിയിട്ടുണ്ട്. പുന:ക്രമീകരിച്ച തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 2016-17-ൽ അനുവദിച്ച എൽ.പി.എസ്.ടി, യു.പി.എസ്.ടി തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LPST -11+6 (അഡീഷണൽ പോസ്റ്റ്) =17, UPST - 13

സ്കൂളിലെ ജീവനക്കാരുടെ ഹാജർപുസ്തകം പരിശോധിച്ചപ്പോൾ 15/7/2016-ൽ നിയമനാംഗീകാരമുള്ള 13 എൽ.പി.എസ്.ടി യും 13 യു.പി.എസ്.ടി യും കാണുന്നു. ഈ അദ്ധ്യാപകർ 31.3.2017 വരെയും നിലനിൽക്കുന്നുണ്ട്.

2016-17 (15.7.2016) ലെ നിയമനാംഗീകാരമുള്ള 13 എൽ.പി.എസ്.ടി അദ്ധ്യാപകരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വി.വി.ജയശ്രീ.
2. എം.പി ഹസീന.
3. സി. കെ. അനി.
4. എൻ.പി. ഫൗസിയ.
5. ഇ.നിഷ.
6. പി.സുനജ.
7. ടി.അസീല.
8. ലിസി.എ.വി.
9. സുചിത്ര.പി.
10. സഹീന.കെ.
11. രമ്യ.ടി.
12. ഷെരീഫ.സി.പി.
13. ടി.യു.സലീമ.

കാരക്കുത്തങ്ങാടി വി.വി.എ.യു.പി.എസ് യു.പി വിഭാഗം അപ്ഗ്രേഡ് ചെയ്ത സ്കൂളായതിനാൽ സംരക്ഷിതാദ്ധ്യാപകർക്കായി ഒരു തസ്തിക മാറ്റി വെക്കേണ്ടതുണ്ട്. ആയത് പ്രകാരം ഒരു എൽ.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി.ശ്രീജ, എൽ.പി.എസ്.ടി 15.6.2016 ന് AN-ന് മാതൃവിദ്യാലയത്തിലേക്ക് തിരിച്ച പോയിട്ടുണ്ട്. (മാതൃവിദ്യാലയം-SVALPS ചെമ്പുലങ്ങാട്) സംരക്ഷിതാദ്ധ്യാപകർക്കായി ഒരു എൽ.പി.എസ്.ടി തസ്തിക മാറ്റി വെച്ചാലും 3 എൽ.പി.എസ്.ടി തസ്തികകളുടെ ഒഴിവ് 2016-17-ൽ ലഭ്യമാണ് എന്ന് കാണുന്നു.

ശ്രീമതി.ഹാലിയ കെ.പി ബഹു.സർക്കാർ മുമ്പാകെ സമർപ്പിച്ച റിവിഷൻ പെറ്റീഷനിൽ പരാമർശിച്ച ശ്രീമതി.ലിസി കെ.വി, എൽ.പി.എസ്.ടി ശ്രീമതി.സജീന.ടി, എൽ.പി.എസ്.ടി ശ്രീമതി.സഹീന.കെ, എൽ.പി.എസ്.ടി ശ്രീമതി.സക്കീന.ടി, എൽ.പി.എസ്.ടി

ശ്രീമതി.സുചിത്ര.പി, എൽ.പി.എസ്.ടി ശ്രീമതി.രമ്യ.ടി, എൽ.പി.എസ്.ടി എന്നിവരുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ശ്രീമതി.ലിസി കെ.വി, എൽ.പി.എസ്.ടി**

ശ്രീമതി.വി.കെ പി ഗീത, എൽ.പി.എസ്.ടി 31/5/2016-ന് വിരമിച്ച ഒഴിവിൽ 1/6/2016 മുതൽ 31/3/2018-ന് മുമ്പ് കെ-ടെറ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയനുസരിച്ച് നിയമനം ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ചു നൽകി. എന്നാൽ ഈ അദ്ധ്യാപിക 27.7.2021 AN ന് രാജിവെച്ചു പോയി.

**ശ്രീമതി. സക്കീന ടി., എൽ.പി.എസ്.ടി**

വി.വി.എ.യു.പി. കാരക്കുത്തങ്ങാടി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. ഹസീന എം.പി-യെ 1.4.2018 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ 6.6.2019 മുതൽ തുടർച്ചയായുള്ള ശ്രീമതി. സക്കീന.ടി യുടെ എൽ.പി.എസ്.ടി റഗുലർ നിയമനം ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ചു നൽകി.

**ശ്രീമതി.സഹീന.കെ, എൽ.പി.എസ്.ടി. (എക്സിബിറ്റ്പി9-WP(C) No.35417/2025)**

18.4.2024-ലെ സ.ഉ. (സാധാ) നമ്പർ 2479/2023/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് 2016-17 വർഷത്തെ അധിക എൽ.പി.എസ്.ടി തസ്തികയിലുള്ള ശ്രീമതി. സഹീന.കെ യുടെ 1.6.2016 മുതലുള്ള നിയമനം തസ്തിക നിലവിൽ വന്ന 15.7.2016 മുതൽ ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ചു നൽകി.

**ശ്രീമതി.സുചിത്ര.പി, എൽ.പി.എസ്.ടി. (എക്സിബിറ്റ് പി10- WP(C) No.35417/2025)**

18.4.2024-ലെ സ.ഉ (സാധാ) നമ്പർ 2479/2023/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് 2016-17 വർഷത്തെ അധിക യു.പി.എസ്.ടി തസ്തികയിലുള്ള ശ്രീമതി. സുചിത്ര പി.യുടെ 1.6.2016 മുതലുള്ള നിയമനം തസ്തിക നിലവിൽ വന്ന 15.7.2016 മുതൽ ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ചു നൽകി.

**ശ്രീമതി.രമ്യ ടി., എൽ.പി.എസ്.ടി (എക്സിബിറ്റ് പി11- WP(C) No.35417/2025)**

18.4.2024-ലെ സ.ഉ (സാധാ) നമ്പർ 2479/2023/പൊ.വി.വ സർക്കാർ ഉത്തരവ് അനുസരിച്ച് 2016-17 വർഷത്തെ അധിക എൽ.പി.എസ്.ടി തസ്തികയിലുള്ള ശ്രീമതി. രമ്യ ടി.യുടെ 3.6.2016 മുതലുള്ള നിയമനം തസ്തിക നിലവിൽ വന്ന 15.7.2016 മുതൽ ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ചു നൽകി.

മേൽ സാഹചര്യത്തിൽ, ശ്രീമതി.ഹാലിയ.കെ.പി, എൽ.പി.എസ്.ടി യെ 2016-17-ലെ അധിക എൽ.പി.എസ്.ടി തസ്തികയിൽ 15.7.2016 മുതൽ നിയമനം അംഗീകരിച്ചു

നൽകുന്നതിനുള്ള തസ്തിക ലഭ്യമാണ് എന്ന് കാണുന്നു. മാനേജർ G.O(P)No.4/2021/G.Edn തീയതി 06/02/2021 പ്രകാരമുള്ള മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 2016-2017 ലെ അധിക എൽ.പി.എസ്.ടി തസ്തിക നിലവിൽ വന്ന 15.7.2016 മുതൽ 5.2.2021 വരെ നോഷണലായും 6.2.2021 മുതൽ സാമ്പത്തികാനുകൂല്യത്തോട്ടുകൂടിയും അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

4. പാലക്കാട് കാരക്കുത്തങ്ങാടി വി.വി.എ.യു.പി.എസ്-ലെ എൽ.പി.എസ്.ടി ശ്രീമതി. ഹാലിയയുടെ നിയമനം 15/07/2016 മുതൽ അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ടിയാൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരിക്കുന്ന WP (C)35417/2025-ലെ പരാമർശം (2) വിധിപ്രകാരം സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ടിയാൾ സർക്കാർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) റിവിഷൻ ഹർജി, പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ചിരിക്കുന്ന എക്സിബിറ്റ് പി9, എക്സിബിറ്റ് പി10, എക്സിബിറ്റ് പി11 എന്നീ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു തീർപ്പു കല്പിക്കുവാനാണ് കോടതി വിധിയായിരിക്കുന്നത്. കാരകുത്തങ്ങാടി വി.വി.എ.യു.പി സ്കൂളിൽ 2016-17-ലെ പ്രതീക്ഷിത അധിക തസ്തികയിൽ ആണ് ശ്രീമതി ഹാലിയ കെ.പി.യെ 1/6/2016 മുതൽ നിയമിച്ചിട്ടുള്ളത്. ടി തസ്തിക അനുവദിച്ച 15/7/16 മുതൽ 31/5/17 വരെ അധികതസ്തികയിലെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ടിയാൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 35417/25-യുടെ അടിസ്ഥാനത്തിൽ അനുവദിച്ചിരുന്ന ഹിയറിങ്ങുമായി ബന്ധപ്പെട്ട് പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി. ഹാലിയ കെ.പി., എൽ.പി.എസ്.ടി യെ 2016-17-ലെ അധിക എൽ.പി.എസ്.ടി തസ്തികയിൽ 15/07/2016 മുതൽ നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള തസ്തിക ലഭ്യമാണെന്നും, ആയതിനാൽ G.O (P)No.4/2021/G.Edn തീയതി 06/02/2021 പ്രകാരമുള്ള മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 2016-2017 ലെ അധിക എൽ.പി.എസ്.ടി തസ്തിക നിലവിൽ വന്ന 15/07/2016 മുതൽ 05/02/2021 വരെ ശ്രീമതി ഹാലിയയുടെ നിയമനം നോഷണലായും 06/02/2021 മുതൽ സാമ്പത്തികാനുകൂല്യത്തോട്ടുകൂടിയും അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സമാന നിയമനങ്ങൾ അംഗീകരിച്ച G.O. (Rt) No. 2479/23/G.Edn, തീയതി 18/04/2023 ന്റെയും അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിരിക്കുന്ന എക്സിബിറ്റ് പി9, എക്സിബിറ്റ് പി10, എക്സിബിറ്റ് പി11 നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിലും ശ്രീമതി. ഹാലിയയുടെ നിയമനം 15.7.2016 മുതൽ അംഗീകരിക്കാവുന്നതാണെന്നു കാണുന്നു.

5. മേൽ സാഹചര്യത്തിൽ, പാലക്കാട് കാരക്കുത്തങ്ങാടി വി.വി.എ.യു.പി.എസ്-ൽ ശ്രീമതി. ഹാലിയ കെ.പി.യുടെ 1/6/2016 മുതലുള്ള പ്രതീക്ഷിത അധിക എൽ.പി.എസ്.ടി. തസ്തികയിലെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമാണെങ്കിൽ പ്രസ്തുത തസ്തിക അനുവദിച്ച 15/07/2016 മുതൽ (ശ്രീമതി വി.കെ. ഗീത എൽ.പി.എസ്.ടി. ക്ക് 01/04/2016 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ എൽ.പി.എസ്.ടി ആയി 01/06/2017 മുതൽ ശ്രീമതി. ഹാലിയക്ക് നിയമനാംഗീകാരം ലഭിച്ചു തുടർന്ന് വരുന്നതിനാൽ) 31/05/2017 വരെ 06/02/2021-ലെ സ.ഉ. (അച്ചടി) നം. No 4/2021/G.Edn പ്രകാരം നോഷണലായി അംഗീകാരം നൽകിക്കൊണ്ട് ശ്രീമതി. ഹാലിയ കെ.പി. സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന പരാമർശം (1)

പുന:പരിശോധന ഹർജി തീർപ്പാക്കി, അപ്രകാരം ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി നം. 35417/2025-ലെ പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (അമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് -678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് - 679 101.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി, പാലക്കാട് -679 303.
മാനേജർ, വി.വി.എ.യു.പി. സ്കൂൾ, കാരകുത്തങ്ങാടി, പാലക്കാട് - 676 552.
ശ്രീമതി. ഹാലിയ കെ.പി., എൽ.പി.എസ്.ടി., വി.വി.എ.യു.പി. സ്കൂൾ, കാരകുത്തങ്ങാടി, പാലക്കാട് - 676 552.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,
കരുതൽ ഫയൽ (GEDN-B3/164/2025-G.EDN).

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 10-06-2026 13:38:35